# 17

## സഭ:

# അതിന്റെ ശുശ്രൂഷകന്മാർ, യോഗ്യത കളും കടമകളും

### ആദ്യ ശുശ്രൂഷകന്മാർ

1. ആദ്യ ശുശ്രൂഷകന്മാരെ നിയമിക്കുന്ന സന്ദർഭം എന്തായിരുന്നു (പ്രവൃത്തികൾ 6:1-4)?
2. എത്ര പേരെ തിരഞ്ഞെടുത്തു (പ്രവൃത്തികൾ 6:5)?
3. അവരെ തിരഞ്ഞെടുത്തത് ആർ (പ്രവൃത്തികൾ 6:2, 3, 5)?
4. യോഗ്യതകൾ ആരാണ് നിർദ്ദേശിച്ചത് (പ്രവൃത്തികൾ 6:2,3)?
5. അവരെ നിയമിച്ചതു എങ്ങനെ (പ്രവൃത്തികൾ 6:6)?
6. ആ പുരുഷന്മാർ ശുശ്രൂഷകന്മാർ ആണെന്നു ഒരാൾക്കു എങ്ങനെ അറിയാം?
   ഗ്രീക്കു വാക്ക് *ഡയാക്കോണെയോ*, തർജ്ജിമ ചെയ്തിരിക്കുന്നത് "സെർവ്" (പ്രവൃത്തികൾ 6:2), 1 തിമൊ. 3:10, 13-ൽ പൗലൊസ് ഉപയോഗിച്ച "ശുശ്രൂഷകന്മാരായി വേല ചെയ്യുക" എന്നതും അതേ ഗ്രീക്കു വാക്കു തന്നെയാണ്.

### യോഗ്യതകൾ നിരത്തിയിരിക്കുന്നു

| നിഷേധ സ്വഭാവങ്ങൾ | വാക്യങ്ങൾ | അർത്ഥം |
|---|---|---|
| ഇരുവാക്കുകാർ - അരുത് | 1 തിമൊ. 3:8 | ഒരാളോടു ഒന്നു പറയുകയും വേറൊരാളോടു മറ്റൊന്നു പറയുകയും ചെയ്യരുത് |
| മദ്യപൻ അരുത് | 1 തിമൊ. 3:8 | മദ്യത്തിനു അടിമപ്പെട്ടവൻ അരുത് |
| ദുർല്ലാഭ മോഹി അരുത് | 1 തിമൊ. 3:8 | മോശമായ ലാഭം ഇച്ഛിക്കുന്നവനാകരുത് |

**ക്രിയാത്മക സ്വഭാവങ്ങൾ**

| | | |
|---|---|---|
| അനിന്ദ്യൻ | 1 തിമൊ. 3:10 | അവനെ കുറിച്ചു കുറ്റം തെളിയിക്കുവാൻ കഴിയാത്തവൻ |
| ഘനശാലി ആയിരിക്കേണം | 1 തിമൊ. 3:8 | ഗൗരവമുള്ളവനാകണം |
| വിശ്വാസത്തിന്റെ മർമ്മം ശുദ്ധ മനസാക്ഷിയിൽ വെച്ചു കൊള്ളുന്നവൻ ആകണം | 1 തിമൊ. 3:9 | ആത്മാർത്ഥ ഹൃദയത്തോടെ മികച്ചതു ചെയ്യുന്നവൻ |
| ഏക ഭാര്യയുടെ ഭർത്താവു | 1 തിമൊ. 3:12 | ബഹുഭാര്യമാർ പാടില്ല |
| ആദ്യം പരീക്ഷിക്കണം | 1 തിമൊ. 3:10 | അവന്റെ സ്വഭാവം തെളിയിക്കപ്പെടണം |
| മക്കളെയും സ്വന്തകുടുംബ ത്തെയും നന്നായി ഭരിക്കുന്നവൻ | 1 തിമൊ. 3:12 | തന്റെ കുടുംബത്തെ ശരിയായി ഭരിക്കുന്നവൻ |

## യോഗ്യതകളെ കുറിച്ചുള്ള ചോദ്യങ്ങൾ

1. **ഡയാക്കണേറ്റിന്റെ പ്രാധാന്യത്തെക്കുറിച്ചു നിങ്ങൾ എന്തു വിചാരിക്കുന്നു?**
2. **എത്ര നിഷേധ സ്വഭാവങ്ങൾ ഉണ്ട്? ഓരോന്നിന്റെയും അർത്ഥം പറയുക.**
3. **ക്രിയാത്മക സ്വഭാവങ്ങൾ എത്ര? ഓരോന്നും നിർവ്വചിക്കുക.**
4. **മൂപ്പന്മാർ "ഉപദേശിപ്പാൻ സമർത്ഥർ," ആയിരിക്കണമെങ്കിൽ ശുശ്രൂ ഷകന്മാരോ (1 തിമൊ. 3:10, 13)?**
5. **മൂപ്പന്മാരുടെ യോഗ്യതകളിൽ, പൊതുവിൽ ക്രിയാത്മകമായത് ഏത്?**
6. **മൂപ്പന്മാരുടെ ക്രിയാത്മക യോഗ്യതയിൽ പൊതുവായതു എന്തെല്ലാം?**
7. **ഏതു വിധത്തിലാണ് മൂപ്പന്മാർ ശുശ്രൂഷകന്മാരേക്കാൾ ശ്രേഷ്ഠരാകുന്നത്?**

## ശുശ്രൂഷകന്മാരുടെ പ്രവൃത്തികൾ

1. **ആദ്യ ശുശ്രൂഷകന്മാർ ചെയ്യേണ്ടതെന്തായിരുന്നു (പ്രവൃത്തികൾ 6:2-4)?**
2. **ശുശ്രൂഷകന്മാർ എന്തു ചെയ്യണമെന്നാണ് പൗലൊസ് പറഞ്ഞത് (1 തിമൊ. 3:10, 13)?**
   a. ശുശ്രൂഷകന്മാരുടെ ചില പ്രവൃത്തികൾ എന്തെല്ലാമാണ് (പ്രവൃത്തികൾ 6:1-3)?
   എന്തിലാണ് "ദിനമ്പ്രതിയുള്ള ശുശ്രൂഷ" തുടരേണ്ടത് (പ്രവൃത്തികൾ 4:34, 35)?
   b. സാമ്പത്തികമായി ശുശ്രൂഷകന്മാരുടെ സ്വഭാവം എങ്ങനെ ആയിരിക്കണം (പ്രവൃത്തികൾ 2:45; 4:35)?
   c. ഇവയിൽ എല്ലാറ്റിലും ഉത്തരവാദിത്വം വഹിക്കേണ്ടതു ആരാണ്:

ദൈവാലയത്തിന്റെ കാര്യങ്ങൾ - അതിലെ ലൈറ്റുകൾ, വൃത്തിയാക്കൽ, അതിന്റെ കേടുപാടു ശരിയാക്കൽ, കർത്തൃമേശ ഒരുക്കൽ, ആളുകൾക്കു വിളമ്പിക്കൊടുക്കൽ, സ്നാനം കൊടുക്കുന്ന ടാങ്ക് വൃത്തിയാക്കൽ, സദസ്യരെ ക്ഷണിക്കൽ, കതകും, ജനലുകളും എല്ലാം തുറക്കുകയും അടയ്ക്കുകയും ചെയ്യൽ സ്നേഹപ്രവൃത്തികൾ എന്നിവ ചെയ്യേണ്ടത് ആരാണ്?

**മൂപ്പന്മാരുടെ പ്രതിഫലം** ______________________________

1. **വിശ്വസ്തരായ ശുശ്രൂഷകന്മാർക്കു മറ്റുള്ളവരിൽ നിന്നു കിട്ടുന്നതെന്താണ് (1 തിമൊ. 3:13)?**
2. **കർത്താവിലുള്ള വിശ്വാസത്തിൽ അവർക്ക് എന്തു കിട്ടും (1 തിമൊ. 3:13)?**

**പൊതുവിൽ** ______________________________

1. **ഒരു യുവാവു ശുശ്രൂഷകനായി സേവ ചെയ്യാമോ?**
2. **ഏതു വിധത്തിലാണ് മൂപ്പന്മാരുടെ പ്രവൃത്തിയും ശുശ്രൂഷകന്മാരുടെ പ്രവൃത്തിയും വേർപിരിക്കാനാകാത്തത്?**
3. **ഭൗതികവും ആത്മികവും എങ്ങനെ സന്തുലിതമാക്കും?**

© 2009 Truth for Today